**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1296** **11-09-2023 - ൽ മറുപടിയ്ക്ക്**

**പുനലൂർ തൂക്കുപാലം-ശിവങ്കോവിൽ റോഡ് കട്ടിംഗ് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി എസ് സുപാൽ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പുനലൂർ നഗരസഭയിൽ അമൃത് 2 പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിച്ചിട്ടുള്ള കുടിവെള്ള പദ്ധതിയുടെ മെയിൻ ലൈൻ കടന്നുപോകുന്ന പുനലൂർ തൂക്കുപാലം-ശിവങ്കോവിൽ റോഡിൽ റോഡ് കട്ടിംഗ്-നു കെ. ആർ. എഫ്. ബി. യുടെ അനുവാദം ലഭിച്ചിട്ടില്ലാത്തതിനാൽ, പ്രസ്തുത പദ്ധതി നടപ്പാക്കാൻ കഴിയാതെ ബുദ്ധിമുട്ടുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന പുനലൂർ തൂക്കുപാലം - ശിവൻകോവിൽ റോഡിൽ കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടാർ കട്ടിങ് അനുവദനീയമല്ല. കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൈപ്പ് ലൈനുകൾ റോഡിന്റെ ഷോൾഡർ ഭാഗങ്ങളിലാണ് നൽകേണ്ടത്. പുതിയതായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിലവിൽ റോഡിനു മതിയായ ഷോൾഡർ ലഭ്യമല്ല. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ എന്ന കാര്യം കിഫ്ബിയാണ് തീരുമാനിക്കേണ്ടത്. ഇക്കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കാം. |
| (ബി) | നഗരസഭയിലെ ജലദൗർലഭ്യം അനുഭവപ്പെടുന്ന അഞ്ച് വാർഡുകളിലേക്ക് വെള്ളം ലഭിക്കുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിലേക്കായി റോഡ് കട്ടിംഗിനുള്ള അനുവാദം അടിയന്തരമായി ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ? | (ബി) | കിഫ്ബിയുടെ സാമ്പത്തിക സഹായത്താൽ നടപ്പിലാക്കുന്ന പുനലൂർ തൂക്കുപാലം - ശിവൻകോവിൽ റോഡിൽ കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ടാർ കട്ടിങ് അനുവദനീയമല്ല. കിഫ്ബിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പൈപ്പ് ലൈനുകൾ റോഡിന്റെ ഷോൾഡർ ഭാഗങ്ങളിലാണ് നൽകേണ്ടത്. പുതിയതായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി നിലവിൽ റോഡിനു മതിയായ ഷോൾഡർ ലഭ്യമല്ല. പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് അനുമതി ലഭ്യമാക്കുമോ എന്ന കാര്യം കിഫ്ബിയാണ് തീരുമാനിക്കേണ്ടത്. ഇക്കാര്യം കിഫ്ബിയുടെ ശ്രദ്ധയിൽപ്പെടുത്താൻ നടപടികൾ സ്വീകരിക്കാം. |

സെക്ഷൻ ഓഫീസർ